**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3419** **14-07-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ കുളത്തറയ്ക്കൽ ഏലാ കേന്ദ്രീകരിച്ച് കൃഷിവകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി റൈസ് മിൽ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ കുളത്തറയ്ക്കൽ ഏലാ കേന്ദ്രീകരിച്ച് റൈസ് മിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. നെൽകൃഷി വികസന പദ്ധതിപ്രകാരം പാടശേഖര സമിതികൾക്കും, പാടശേഖര സമിതി ശിപാർശ ചെയ്യുന്ന വ്യക്തിഗത സംരംഭകർക്കും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്കും രജിസ്റ്റേഡ് ഗ്രൂപ്പുകൾക്കും റൈസ് മിൽ സ്ഥാപക്കുന്നതിന് പ്രോജക്ട് അധിഷ്ഠിത സഹായമായി അടിസ്ഥാന സൗകര്യ വികസനത്തിന് നെൽകൃഷി വികസന പദ്ധതി 2022-23ൽ നിന്നും റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസരിച്ച് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത സൊസൈറ്റികൾക്ക് കൃഷി വകുപ്പിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിവരങ്ങൾ അറിയിക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ RKVY പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിൽ നിലവിൽ 2 ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷ നുകൾ (എഫ്.പി.ഒ) രൂപികരിച്ച് പ്രവർത്തിക്കു ന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതിക വിദ്യ, ഉൽപ്പാദനോപാധികൾ, വായ്പ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉൽപ്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം അസംഘടിത മേഖലയിൽ പ്രവർ ത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നൽകുക, കാർഷിക ഉൽപ്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷി രീതികളിൽ പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പായ്ക്ക് ഹൗസുകൾ സ്ഥാപിക്കുക, ഉൽപ്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെ യുള്ള വിവിധ പ്രവർത്തനങ്ങളാണ് കർഷക ഉത്പാദക സംഘടനകൾ രൂപീകരിക്കുകവഴി സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്ര സാമഗ്രികൾ നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും ഉല്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകളും സ്ഥാപിക്കുന്നത് കർഷക ഉത്പാദക സംഘടനകൾ വഴി സാധ്യമാകുന്നു. ആഭ്യന്തര ഉപയോഗത്തിന് ശേഷം ബാക്കിയായി വരുന്ന കാർഷിക ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം മെച്ചപ്പെടുത്തുന്നു . എഫ്.പി.ഒ. കൾക്ക് വിവിധ പദ്ധതി പ്രകാരം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ AIF പദ്ധതി, MSME പദ്ധതി തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതുതായി രൂപീകരിക്കുന്ന ഒരു കർഷക ഉത്പാദക സംഘടനക്ക് 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. മേൽ പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേനയാണ് നടപ്പിലാക്കുന്നത്.<br><br>കൂടാതെ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര എസ്.എഫ്.എ.സി. മുഖേന ജൈവ സമൃദ്ധി എഫ്.പി.സി എന്ന പേരിൽ ഒരു എഫ്.പി.ഒ യും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി സമർപ്പിച്ച് നടപ്പിലാക്കിവരുന്നു. എന്നാൽ നടപ്പുവർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. 140 നിയോജക മണ്ഡലങ്ങളിലേയും എം.എൽ.എ.-മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | അതാതു ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട കൃഷിഭവനുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും കുന്നത്തുകാൽ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി നൽകിയിട്ടുള്ളത്.<br><br>സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ നടത്തിപ്പ് ആരംഭ ഘട്ടത്തിലാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതും സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**RKVY പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിലെ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളുടെ (എഫ്.പി.ഒ)പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഫാർമേഴ്സ് പ്രൊഡ്യൂസഴ്സ് സൊസൈറ്റി |
|---|---|---|
| 1 | പാറശ്ശാല | പാറശ്ശാല ബനാന എക്സ്പോർട്സ് എഫ്.പി.ഒ |
| 2 | ആര്യങ്കോട്, പെരുങ്കടവിള, അമ്പൂരി, വെള്ളറട, ഒറ്റശേഖരമംഗലം കള്ളിക്കാട് | ദീനദയാൽ എഫ്.പി.സി |